DESPATCHED
On 22/06/2020

05/03/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2318*(2)/2015*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **16784** /എസ്.ഐ.സി-ജി 6/15)

സന്നിഹിതൻ

**ഡോ.കെ എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.കെ.എൻ.വിജയകുമാർ,
വിജയതുളസി,
കല്ലിയൂർ പി.ഒ.,
തിരുവനന്തപുരം. — അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം, പട്ടം, തിരുവനന്തപുരം - 695 004.

2. അപ്പീൽ അധികാരി&
ഡെപ്യൂട്ടി ഡയറക്ടർ,
ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം, പട്ടം, തിരുവനന്തപുരം - 695 004.

— എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03.08.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 07.09.2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 22.09.2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 17.10.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 28.10.2015 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 29.10.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.01.2020 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.വിജയകുമാർ കെ.എൻ.,

28.10.2015ന് സമർപ്പിച്ച അപ്പീൽ ഹർജി 20.10.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2318(2)/15/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും പൂർണ്ണവും തൃപ്തികരവുമായ മറുപടി ലഭ്യമാക്കിയില്ലെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്.

3. അപ്പീൽ ഹർജിക്കാരൻ 03.08.2015ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 07.09.2015ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 22.09.2015ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 17.10.2015ന് മറുപടി നൽകിയതായും കാണുന്നു.

4. 26.11.2015ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയ്ക്കുള്ള മറുപടി നൽകിയെന്നും 6 വിവരങ്ങളാണ് ടിയാൻ ആവശ്യപ്പെട്ടിരുന്നതെന്നും ആയതിൽ ഒന്നാം ഇനം സംബന്ധിച്ച മറുപടി നൽകുകയും 2 മുതൽ 6 വരെയുള്ളവയ്ക്ക് നേമം ക്ഷീരവികസന ഓഫീസർക്ക് അയച്ചുകൊടുത്തുവെന്നുമാണ്. തുടർന്ന് നേമം ക്ഷീരവികസന ഓഫീസർ കല്ലിയൂർ ക്ഷീരവ്യവസായ സഹകരണസംഘത്തിൽ നിന്നും വിവരം ശേഖരിച്ച് ടിയാന് നൽകുകയും പകർപ്പ് ടി ഓഫീസിൽ ലഭ്യമാക്കുകയും ചെയ്തുവെന്നും ടി റിപ്പോർട്ട് പ്രകാര ഹർജിക്കാരന്റെ 2 മുതൽ 6വരെയുള്ള ഇനങ്ങൾക്ക് തുടർന്ന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് 07.09.2015ൽ എസ്.പി.ഐ.ഒ. ഹർജിക്കാരനെ അറിയിച്ചിരുന്നുവെന്നുമാണ്. തുടർന്ന് ടിയാന്റെ അപ്പീൽ പരിഗണിച്ച് ടി ഓഫീസിലെ രേഖകൾ വീണ്ടും വിശദമായി പരിശോധിക്കുകയും പ്രസ്തുത അപേക്ഷ പ്രകാരം ആവശ്യപ്പെട്ടിരുന്ന രേഖ സ്പെഷ്യൽ ആഡിറ്റ് റിപ്പോർട്ട് സഹകരണ വകുപ്പിൽ നിന്നും ടി ഓഫീസിൽ ലഭിച്ചിട്ടുള്ളതായി യാതൊരു രേഖകളും കണ്ടെത്താൻ കഴിഞ്ഞില്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. എന്നാൽ ഹർജിക്കാരന് ഇപ്പോൾ ടിയാന്റെ പരാതി പരിഹരിച്ചിട്ടുണ്ടെന്നും നിലവിലെ

എസ്.പി.ഐ.ഒ. ടിയാന് വിവരങ്ങളെല്ലാം നൽകിയിട്ടുണ്ടെന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഹർജിക്കാരന്റെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ തുടർ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 05-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM